"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

വിരമിച്ച ജൂനിയർ സൂപ്രണ്ട്, ശ്രീ.ജയൻ.ഡി യ്ക്ക്, വിരമിക്കൽ തീയതിയുടെ അടുത്ത ദിവസം ഡ്യൂ ആകുന്ന ഇൻക്രിമെന്റ് പെൻഷനായി കണക്കാക്കുന്നതിനുള്ള ആനുകൂല്യം അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ(പെൻഷൻ ബി) വകുപ്പ്

G.O.(Rt)No.8924/2026/FIN തീയതി,തിരുവനന്തപുരം, 21-11-2026

പരാമർശം:- 1. സ.ഉ(സാധാ)നം.5196/2026/ധന തീയതി 23/06/2026

2. സംസ്ഥാന പൊലീസ് മേധാവിയുടെ 11.09.2026 ലെ A11-16787/2025-PHQ നമ്പർ കത്ത്.

ഉത്തരവ്

പരാമർ ശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 31/03/2010 ൽ സേവനത്തിൽ നിന്നും വിരമിച്ച ജൂനിയർ സൂപ്രണ്ട്, ശ്രീ.ജയൻ.ഡി -യ്ക്ക് ടിയാൻ വിരമിയ്ക്കുന്നതിന്റെ തൊട്ട് അടുത്ത ദിവസം, 01/04/2010 -ന, ഡ്യൂ ആയ ഇൻക്രിമെന്റ് കൂടി കണക്കാക്കി 01/05/2023 പ്രാബല്യത്തിൽ പെൻഷൻ പുതുക്കി നൽകുന്നതിന് അനുമതി നൽകിയിരുന്നു.

2. എന്നാൽ ടിയാന്റെ സേവന പുസ്തകം പരിശോധിച്ചതിൽ ഒൻപതാം ശമ്പള പരിഷ്കരണത്തിൽ, ശ്രീ. ജയൻ.ഡി, നൽകിയിട്ടുള്ള ഓപ്ഷൻ പ്രകാരം 01/07/2009-ൽ ശമ്പളം ക്രമീകരിച്ചിട്ടുള്ളതായും അദ്ദേഹത്തിന്റെ അടുത്ത വാർഷിക ഇൻക്രിമെന്റ് തീയതി 01/07/2010 ആണെന്നും ആയതിനാൽ 31/03/2010-ൽ വിരമിച്ച അദ്ദേഹത്തിന് തൊട്ടടുത്ത ദിവസമായ 01/04/2010-ൽ ഇൻക്രിമെന്റ് ഡ്യൂ ആകുന്നില്ല എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ.ജയൻ.ഡി -യുടെ അടുത്ത വാർഷിക ഇൻക്രിമെന്റ് തീയതി 01/07/2010 ആയതിനാൽ വിരമിക്കൽ തീയതിയുടെ അടുത്ത ദിവസം ഡ്യൂ ആകുന്ന ഇൻക്രിമെന്റ് പെൻഷനായി കണക്കാക്കുന്നതിനുള്ള ആനുകൂല്യത്തിന് ശ്രീ.ജയൻ.ഡി അർഹനല്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർ ശം 1 ലെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASANKAR K G
ADDITIONAL SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പെൻഷൻ പെയ്മെന്റ് ട്രഷറി, നെയ്യാറ്റിൻകര

പൊതു വിദ്യാഭ്യാസ(ഇ) വകുപ്പ്

സംസ്ഥാന പൊലീസ് മേധാവി, തിരുവനന്തപുരം

ശ്രീ ജയൻ ഡി, 'വൈശാഖ്', ധനുവച്ചപുരം, നെയ്യാറ്റിൻകര

നോഡൽ ഓഫീസർ(www.finance.kerala.gov.in)

കരുതൽ ഫയൽ (E32827745/EXP-A4/397/2024-FIN)

ഉത്തരവിൻ പ്രകാരം
Digitally signed by Sujeev S J
Date: 21-11-2026 12:52:25
സെക്ഷൻ ഓഫീസർ